"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കോഴിക്കോട് ജില്ലയിലെ തെയ്യത്തുംകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട എൽ എ ആർ 188/2014 നമ്പർ കേസിന്റെ വിധിത്തുക അനുവദിക്കുന്നതിനായി ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1172/2024/PWD തിരുവനന്തപുരം, തീയതി,19-11-2024

---

പരാമർശം:-

1. 30.04.2024 തീയതിയിലെ സഉ(സാധാ) നമ്പർ.484/2024/പൊമവ ഉത്തരവ്
2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 25.10.2024 തീയതിയിലെ CEPWD/13797/2023-FR10-PWD നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ തെയ്യത്തുംകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ എൽ എ ആർ കേസുകൾക്ക് വിധിത്തുക നൽകുന്നതിനായി 1,15,98,866/- കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട എൽ എ ആർ 188/2014 നമ്പർ കേസിന് വിധിത്തുക നൽകുന്നതിനായി 26,02,444/- രൂപ ആവശ്യമുണ്ടെന്നും മുൻപ് ഭരണാനുമതി നൽകിയ 1,15,98,866/- രൂപയോടൊപ്പം 26,02,444/- രൂപ കൂടി ചേർത്ത് 1,42,01,310/-രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം 2 പ്രകാരം അപേക്ഷിച്ചിട്ടുണ്ട് .

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ തെയ്യത്തുംകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട എൽ എ ആർ 188/2014 നമ്പർ കേസിന് വിധിത്തുക നൽകുന്നതിനായി ആവശ്യമുള്ള 26,02,444/- രൂപയോടൊപ്പം മുൻപ് ഭരണാനുമതി നൽകിയ 1,15,98,866/- കൂടി ചേർത്ത് 1,42,01,310/-രൂപയുടെ (ഒരു കോടി നാൽപത്തി രണ്ട് ലക്ഷത്തി ആയിരത്തി മുന്നൂറ്റി പത്ത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUJITHA KUMARI S S

ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ / പാലങ്ങൾ വിഭാഗം

ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) കേരള,തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ - ഡി1/425/2023-പൊ.മ.വ.

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 19-11-2024 10:03:34
സെക്ഷൻ ഓഫീസർ

പകർപ്പ്-പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി എസ്.-ന്
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി എ-യ്ക്ക്